# ജില്ലാആശുപത്രിവടകര

കോഴിക്കോട്ജില്ല,വടകര–673 101

☎0496 2524259 ✉dhvatakara@gmail.com


നമ്പർ സി1–3068/2023 തീയ്യതി.24.07.2023

## ടെണ്ടർനോട്ടീസ്

ജനനി ശിശുസുരക്ഷ കാര്യക്രമം (JSSK) മാതൃയാനം പദ്ധതി പ്രകാരം 2023–2024 സാമ്പത്തിക വർഷത്തേക്ക് വടകര ജില്ലാ ആശുപത്രിയിൽ പ്രസവിച്ച അമ്മമാരെയും കുട്ടികളെയും റണ്ണിംഗ് കോൺട്രാക്ട് വഴി ആശുപത്രിയിൽ നിന്നും വീട്ടിൽ എത്തിക്കുന്നതിന് 1200 CCയ്ക്കു മുകളിൽ 4 Seated ടാക്സി കാർ ഉടമകളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു.

| | | |
|---|---|---|
| ടെണ്ടർഫോം വില | :Rs.400 + GST | |
| ടെണ്ടർഫോം വിതരണം ചെയ്യുന്ന അവസാന തീയ്യതി | : 19.08.2023 | 5 PM |
| ടെണ്ടർഫോം സ്വീകരിക്കുന്ന അവസാന തീയ്യതി | : 21.08.2023 | 4 PM |
| ടെണ്ടർ തുറക്കുന്ന തീയ്യതി | : 21.08.2023 | 5 PM |
| നിരതദ്രവ്യം | : Rs.1800/– | |

**നിബന്ധനകൾ**

1. ദർഘാസ് ഫോം ഉള്ളടക്കം ചെയ്തിട്ടുള്ള കവറിനു മുകളിൽ നമ്പർ.സി1–3068/23 വടകര ജില്ലാ ആശുപത്രി "ജനനി ശിശു സുരക്ഷാ കാര്യക്രമം പ്രകാരം സർക്കാർ ആശുപത്രിയിൽ പ്രസവിച്ച അമ്മമാരുടെയും കുട്ടികളുടെയും യാത്രക്കുള്ള ടെണ്ടർ"എന്ന് രേഖപ്പെടുത്തിയിരിക്കണം.

2. ടെണ്ടർ സമർപ്പിക്കുമ്പോൾ വാഹനത്തിന്റെ ആദ്യത്തെ 5 കിലോമീറ്റർ (2 സൈഡ്) ഓട്ടത്തിന് നൽകേണ്ട പരമാവധി (മിനിമംചാർജ്ജ്) തുക പിന്നീടുള്ള ഓരോ കിലോമീറ്റർ ഓട്ടത്തിനും നൽകേണ്ട തുക എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

3. ആർ.ടി.ഒ നിഷക്കർഷിക്കുന്ന തുകയ്ക്കോ അതിൽ കുറഞ്ഞ തുകയ്ക്കോ സ്റ്റോർ പർച്ചേയ്സ്റൂൾ പാലിച്ച് വാഹനങ്ങൾ ലഭ്യമാക്കേണ്ടതാണ്. ടെണ്ടർ ലഭിക്കുന്ന വ്യക്തി കേന്ദ്ര/കേരള മോട്ടോർ വാഹനചട്ട പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുള്ള വാഹനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ.

4. സ്വീകാര്യമായ ടെണ്ടർ പ്രകാരം വടകര ജില്ലാ ആശുപത്രിയിൽ നിന്നും പ്രസവം നടക്കുന്ന അമ്മയെയും കുഞ്ഞിനേയും അവരുടെ വീടുകളിലേക്ക് എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം ടെണ്ടർ ലഭിക്കുന്ന വ്യക്തിയിൽ /ടാക്സി ഓണറിൽ നിക്ഷിപ്തമായിരിക്കും.

5. ടെണ്ടർ ലഭിക്കുന്ന വ്യക്തിക്ക് ആശുപത്രി പരിസരത്തു നിന്നും വാഹനം നിശ്ചിത സമയത്തിനകം ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കും.

6. ടെണ്ടർ ലഭിക്കുന്ന വ്യക്തികളുടെ വാഹനം ഏതു സമയത്തും ലഭ്യമാക്കത്തക്ക രീതിയിൽ സജ്ജമായിരിക്കേണ്ടതാണ്. വാഹനത്തിന്റെ ഉടമസ്ഥൻ ആശുപത്രിക്ക് വേണ്ടി ഉപയോഗിക്കുന്ന വാഹനത്തിന്റെയും , ഡ്രൈവറുടെയും വിവരങ്ങൾ ആശുപത്രി സൂപ്രണ്ടിനെ രേഖാമൂലം മുൻകൂട്ടി അറിയിക്കേണ്ടതാണ്. കരാർ കാലയളവിൽ വാഹനമോ, ഡ്രൈവറോ മാറുന്നുണ്ടെങ്കിൽ ആയതും യഥാസമയം അറിയിക്കേണ്ടതാണ്.

7. സ്വീകാര്യമായ ടെണ്ടർ സമർപ്പിച്ച വ്യക്തിയെ രേഖാമൂലം വിവരം അറിയിക്കുന്നതാണ്. അപ്രകാരം അറിയിപ്പ് ലഭിച്ചു കഴിഞ്ഞാൽ 2 ദിവസത്തിനുള്ളിൽ 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ ഒപ്പിടേണ്ടതാണ്.

8. ടെണ്ടർ അംഗീകരിച്ച തീയ്യതി മുതൽ ഒരു വർഷം ആയിരിക്കും പ്രസ്തുത കരാറിന്റെ കാലാവധി.

GOVT. DISTRICT HOSPITAL VATAKARA
PIN 673101
VATAKARA, KOZHIKODE

സൂപ്രണ്ട്

പകർപ്പ്:

1. ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (വെബ് സൈറ്റിൽ പരസ്യപ്പെടുത്തുന്നതിന്)
2. നോട്ടീസ് ബോർഡ്,നഗരസഭ വടകര
3. സൂപ്രണ്ട് താലൂക്ക് ആശുപത്രി,കൊയിലാണ്ടി/നാദാപുരം/കുറ്റ്യാടി
4. ആശുപത്രി പരിസരം
5. ടാക്സി സ്റ്റാന്റ്
6. ഫയൽ/ കരുതൽ ഫയൽ